മയക്കുമരുന്നു കേസുകൾ

19 [2449] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

„ *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-നുശേഷം സംസ്ഥാനത്ത് എത്ര രൂപ വിലയുള്ള മയക്കുമരുന്നുകൾ പിടിച്ചെടുത്തു;

(ബി) ഈ കാലയളവിൽ മയക്കുമരുന്ന് വിൽപ്പനയുടെ പേരിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്നും, എത്ര പേരെ അറസ്റ്റ് ചെയ്തു എന്നും ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

അഭിലാഷിനെ പോലീസ് പീഡിപ്പിച്ചതിനെക്കുറിച്ച് സി.ബി.ഐ. അന്വേഷണം

20 [2450] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകോട്ടയിൽ വൺവേയിൽ കയറി എന്ന പേരിൽ പട്ടാളക്കാരനായ അഭിലാഷിനെ പോലീസ് ശാരീരികമായും മാനസികമായും പീഡിപ്പിച്ചതിൽ മനംനൊന്ത് ആത്മഹത്യ ചെയ്തതിന് കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽനിന്നൊക്കെയാണ് പരാതി കിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പരാതികളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇവയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം നൽകാമോ;

(ഡി) സംസ്ഥാന പോലീസിനെക്കുറിച്ചാണ് പരാതിയെന്നുള്ളത് കണക്കിലെടുത്ത് ഇതുസംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്റ്റേഷൻ കമാണ്ടർ, സ്റ്റേഷൻ ഹെഡ്ക്വാർട്ടേഴ്സ്, പാങ്ങോട്, തിരുമല പി. ഒ.യിൽനിന്ന് ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതിയുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) പരാതിയിന്മേൽ അന്വേഷണം നടന്നുവരുന്നു.

(ഡി) പരിഗണനയിൽ ഇല്ല.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/588/2012—9

LIBRARY ARCHIVES Kerala Legislative Assembly